(സി) ഐ.പി.എൽ. മത്സരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് എത്തുന്ന മാധ്യമ പ്രവർത്തകരിലൂടെ ലോകത്തിന് മുന്നിൽ കേരളത്തെ വെളിപ്പെടുത്തുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഐ.പി.എൽ. സംഘാടകർ ഇക്കാര്യങ്ങളെ സംബന്ധിച്ചൊന്നും സർക്കാരുമായി ചർച്ച നടത്തിയിട്ടില്ല.

സ്പോർട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകാൻ പദ്ധതി

202 (2302) ശ്രീ. സെമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരളത്തിൽ എത്ര സ്പോർട്സ് ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) സ്പോർട്സ് ക്ലബ്ബുകൾക്ക് സർക്കാർ ചെയ്യുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കായികരംഗത്ത് മത്സരങ്ങൾ സംഘടിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ സാമ്പത്തിക സഹായം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ ;

(ഡി) സ്ഥിരമായി കളിയും പരിശീലനവും നടത്തിക്കൊണ്ടിരിക്കുന്ന ക്ലബ്ബുകൾക്ക് വിദഗ്ദ്ധരായ കോച്ചുകളെ ലഭ്യമാക്കാൻ സ്പോർട്സ് കൗൺസിൽ നടപടികൾ സ്വീകരിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു പദ്ധതിയെപ്പറ്റി ആലോചിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കേരള സ്പോർട്സ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട സ്പോർട്സ് ക്ലബ്ബുകൾക്ക് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും കുട്ടികളക്ക് പരിശീലനം നൽകുന്നതിനും കളി ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

(സി) ഉണ്ട്

(ഡി) പരിശീലകരുടെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly